2013-14 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി 5.7 കോടി രൂപയ്ക്ക് 21 കുളങ്ങൾ നവീകരിക്കുന്നതിനായി അനുമതി നൽകി. ഇവ കൂടാതെ 13 -ാം ധനകാര്യ കമ്മിഷൻ, നബാർഡ് ധനസഹായം എന്നീ പദ്ധതികളിൽപ്പെടുത്തി 180 കുളങ്ങൾക്കായി 45 കോടി രൂപയും അനുവദിച്ചു. ഇതിൽ 55 കുളം പൂർത്തീകരിച്ചു.

2015-16 സാമ്പത്തിക വർഷത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കേണ്ട കുളങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കടിവെള്ളത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

154 (4957) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കിണർ, കുളം, കുഴൽ കിണർ എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന ഭൂഗർഭ ജലത്തിൽ രാസമാലിന്യങ്ങൾ കലർന്നിട്ടുണ്ടെന്ന കേന്ദ്ര ഭൂഗർഭ ബോർഡിന്റെ പഠനറിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ പരിശുദ്ധി പരിശോധിക്കുന്നതിന് കെ.ഡബ്ല്യു.എ.-യ്ക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്, ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ഭൂജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് കേന്ദ്ര ഭൂജല ബോർഡ് രണ്ട് പഠന റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. Ground Water quality in shallow aquifers of India (2010)

2. Quality of Ground Water in Kerala (2013)

LIBRARY ARCHIVES Kerala Legislative Assembly

ഈ റിപ്പോർട്ടിൽ സംസ്ഥാനത്തെ ഭൂജലത്തിൽ താഴെ പറയുന്ന രാസഘടകങ്ങൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിരിക്കുന്ന അളവിനേക്കാൾ കൂടുതൽ അടങ്ങിയിരിക്കുന്നതായി പറയുന്നുണ്ട് :

1. ഫ്ലൂറൈഡ് : പാലക്കാട്, ആലപ്പുഴ എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിൽ

2. ഇരുമ്പ്: എല്ലാ ജില്ലകളിലെയും ചില പ്രദേശങ്ങളിൽ

3. നൈട്രേറ്റ് : എല്ലാ ജില്ലകളിലെയും ചില പ്രദേശങ്ങളിൽ

4. ട്രേഡ് എലമെന്റ് : (ലെഡ്, ക്രോമിയം) പാലക്കാട്, കൊല്ലം, എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ വ്യാവസായിക കേന്ദ്രങ്ങളിൽ

(ബി) കേന്ദ്ര ഭൂജല ബോർഡിന്റെ പഠന റിപ്പോർട്ടിൽ അമിത അളവിൽ ജലത്തിൽ അടങ്ങിയിരിക്കുന്ന രാസമാലിന്യങ്ങൾമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വിശദീകരിച്ചിട്ടില്ല.

(സി) എല്ലാ ജില്ലകളിലും ഓരോ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് നിശ്ചിത ഫീസ് നൽകി കുടിവെള്ള ത്തിന്റെ പരിശുദ്ധി പരിശോധിക്കാവുന്നതാണ്. ഇതിന് പുറമേ സംസ്ഥാനത്ത് 7 സ്ബ്ഡിവിഷണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസ് കെട്ടിടത്തിന് ഭൂമി

155 (4958) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ഓഫീസിന്, ആലിശ്ശേരി റോഡിൽ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ബ്ലോക്ക് 75-ൽ റീ-സർവ്വേ നമ്പർ 78 (സർവ്വേ നമ്പർ 530/17, 530/18, 530/19) ഏകദേശം ഒന്നര ഏക്കർ വരുന്ന പുറമ്പോക്ക് ഭൂമിയിൽനിന്നും 40 സെന്റ് സ്ഥലം കേരള പബ്ളിക് സർവ്വീസ് കമ്മീഷന് അനുവദിച്ചു നൽകുന്നതിന് കമ്മീഷൻ നൽകിയ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു, വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly